**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 91/2025**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തു പട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

നമ്മുടെ ചുറ്റുപാടുകളെ അതിസങ്കീർണ്ണം ആക്കിക്കൊണ്ടിരിക്കുന്ന മദ്യ-മയക്കുമരുന്ന് ലഹരിയുടെ കടന്നുകയറ്റങ്ങൾക്കെതിരേ സന്ധിയില്ലാ പ്രതിരോധം തീർക്കേണ്ട സമയമാണിത്. പരിശുദ്ധ സഭ ഈ പ്രതിസന്ധിയുടെ ആഴം തിരിച്ചറിഞ്ഞ് മദ്യ-മയക്കുമരുന്ന് ലഹരിക്കെതിരെ നമ്മുടെ സമൂഹത്തെ ബോധവത്കരിക്കുന്നതിനുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് വരുകയാണ്. ഇതിന്റെ ഭാഗമായി 2025 മെയ് 31 ശനിയാഴ്ച നമ്മുടെ സഭാ ആസ്ഥാനത്ത്വച്ച് മത-സാംസ്ക്കാരിക-നേതൃത്വങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് മദ്യ-മയക്കുമരുന്ന് വിരുദ്ധ കോൺക്ലേവ് നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

ഈ കോൺക്ലേവിന് മുന്നൊരുക്കമായി 2025 മെയ് 25 ഞായറാഴ്ച നമ്മുടെ എല്ലാ ഇടവകകളിലും മദ്യ- മയക്കുമരുന്ന് ലഹരി വിരുദ്ധ പ്രതിജ്ഞ എടുക്കണം. ഇടവക തലത്തിൽ ഈ മാരക വിപത്തിനെതിരെ പോസ്റ്ററിംഗ്, ലഘുലേഖ വിതരണം, ഡോക്യുമെന്ററി, പരസ്യ യോഗങ്ങൾ എന്നിവ ക്രമീകരിക്കുവാൻ ഇടവക വികാരിയും പള്ളി ഭരണസമിതിയും മുൻകൈ എടുക്കണം. കാലം നമ്മോട് ആവശ്യപ്പെടുന്ന അനിവാര്യമായ ഈ ഇടപെടലുകളുടെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ എല്ലാ ഇടവകകളിലും ഈ ബോധവത്കരണം നിർബ്ബന്ധമായും നടത്തേണ്ടതാണ്. നമ്മുടെ പരുമല സെന്റ് ഗ്രീഗോറിയോസ് കാൻസർ സെന്ററിന്റെ ആഭിമുഖ്യത്തിൽ നവ മാധ്യമങ്ങൾ വഴി മദ്യ-മയക്കുമരുന്ന് ലഹരിക്കെതിരെ ബോധവത്കരണ പ്രചരണം ആരംഭിക്കുവാനുള്ള ക്രമീകരണങ്ങളും നടന്നുവരുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2025 ഏപ്രിൽ മാസം 14-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.